"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിൽ 2013-14 വർഷം വിതരണത്തിന് തയ്യാറാക്കിയ 10 ലക്ഷം എണ്ണം കുരുമുളക് വള്ളികളിൽ Phytophthora കുമിൾരോഗം ബാധിച്ച നശിച്ചുപോയ 4,17,000 എണ്ണം കുരുമുളക് വള്ളികളുടെ വിലയായ 20,85,000/- രൂപ (ഇരുപത് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) - എഴുതി തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1004/2022/AGRI തീയതി,തിരുവനന്തപുരം, 16-11-2022

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 01/07/2022 ാം തീയതിയിലെ ടി.എച്ച് (2) 52612/2014 നമ്പർ കത്ത്.

**ഉത്തരവ്**

പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിൽ 2013-14 വർഷം കുരുമുളക് വികസന പദ്ധതി പ്രകാരം വിതരണത്തിന് തയ്യാറാക്കിയ 1 0 ലക്ഷം എണ്ണം കുരുമുളക് വള്ളികളിൽ Phytophthora എന്ന കുമിൾരോഗം ബാധിച്ച നിയന്ത്രിക്കാൻ സാധിക്കാതെ നശിച്ചുപോയ 4,17,000 എണ്ണം കുരുമുളക് വള്ളികളുടെ വിലയായ 20,85,000/- രൂപ (ഇരുപത് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) എഴുതി തള്ളി ഉത്തരവാകണമെന്ന് പരാമർശിത കത്ത് പ്രകാരം കൃഷി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിൽ 2013-14 വർഷം കുരുമുളക് വികസന പദ്ധതി പ്രകാരം വിതരണത്തിന് തയ്യാറാക്കിയ 10 ലക്ഷം എണ്ണം കുരുമുളക് വള്ളികളിൽ Phytophthora എന്ന കുമിൾരോഗം ബാധിച്ച നിയന്ത്രിക്കാൻ സാധിക്കാതെ നശിച്ചുപോയ 4,17,000 എണ്ണം കുരുമുളക് വള്ളികളുടെ വിലയായ 20,85,000/- രൂപ (ഇരുപത് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) താഴെ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിന്മേൽ എഴുതി തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഉദ്യോഗസ്ഥരുടെ വീഴ്ചയല്ലാതെ പ്രകൃതി ദുരന്തമോ അനിയന്ത്രിത കീടബാധയോ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ മാത്രം എഴുതിത്തള്ളുന്നതിനുള്ള ശിപാർശകൾ സംഭവം നടന്നു ഒരു വർഷത്തിനകം ആവശ്യമായ റിപ്പോർട്ടുകൾ സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

കാലാവധി കഴിഞ്ഞു സമർപ്പിക്കുന്ന ശിപാർശകൾ അതാത് ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കി സർക്കാരിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതാണ്.

ii. രോഗ കീട ബാധ അനിയന്ത്രിതമായി ഉണ്ടാക്കുന്ന സന്ദർഭങ്ങളിൽ ഉടനടി കാർഷിക സർവ്വകലാശാലയിലെ വിദഗ്ധരുടെ സേവനം ഉറപ്പാക്കണം.

iii 29.6.2014- ലെ പരിശോധന റിപ്പോർട്ടിലെ പൊതുവായിട്ടുള്ള ശിപാർശകൾ ഭാവിയിൽ കൃത്യമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ് :
ഡയറക്ടർ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), കേരള , തിരുവനന്തപുരം,
അക്കൗണ്ട് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ